**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3290** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഒള്ളൂർക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി- കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരമായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബാലുശ്ശേരി - കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഉള്ളിയേരി, ചെങ്ങോട്ടുകാവ് വില്ലേജുകളിൽ ഉൾപ്പെട്ട 0.7389 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 23.11.2021 ലെ DCKKD/6055/2018-B2 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരമായി തുക അനുവദിച്ചിട്ടില്ലാത്തതാണ്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അവാർഡ് പാസാക്കി നഷ്ടപരിഹാര വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകിയ എത്ര പേർക്കാണ് നഷ്ടപരിഹാര തുക നൽകാനുള്ളത്; ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ; | (ബി) | 35 പേർക്കാണ് നഷ്ടപരിഹാരതുക നൽകാനുള്ളത്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഒള്ളൂർ കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ച ഫയലിന്മേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാരിന്റെ അനുമതിയ്ക്കായി ചീഫ് എഞ്ചിനിയർ, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം സമർപ്പിച്ച പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ PWD-D1/22/2020-PWD ഫയലിൽ കൈകാര്യം ചെയ്യുന്നതും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണയിലുമാണ്. |

സെക്ഷൻ ഓഫീസർ